**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ-പരേതനായ രഞ്ജിത്ത് ആർ കൃഷ്ണന്റെ കുടുംബ പെൻഷൻ ടിയാളുടെ പിതാവായ ശ്രീ. വി.കെ.രാധാകൃഷ്ണന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (സാധാ)നം.1017/2018/ധന** **തിരുവനന്തപുരം, തീയതി 09.02.2018**

---

പരാമർശം :- 1) ഇടുക്കി വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 31.03.2017-ലെ സി5/18359/2016 നം. കത്ത്.

2) കോട്ടയം തഹസീൽദാരുടെ 28.10.2015-ലെ ഇ 4/15946/15/KIDis നമ്പർ അനന്തരാവകാശ സർട്ടിഫിക്കറ്റും 18.01.2018-ലെ യോഗ്യതാ സർട്ടിഫിക്കറ്റും.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റായിരിക്കെ 21.03.2015-ൽ മരണപ്പെട്ട രഞ്ജിത്ത് ആർ കൃഷ്ണന്റെ കുടുംബപെൻഷൻ ടിയാന്റെ നിയമാനുസൃത അവകാശിക്ക് ലഭ്യമാകുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2)ലഭ്യമാക്കിയ വിവരങ്ങളിൽ മരണപ്പെട്ട രഞ്ജിത്ത് ആർ.കൃഷ്ണൻ അവിവാഹിതനായിരുന്നുവെന്നും ടിയാന്റെ മാതാവ് 05.09.2017-ൽ മരണപ്പെട്ടതായും പരേതന്റെ പിതാവിന്റെ വാർഷികവരുമാനം 4,800/- രൂപയിൽ താഴെയാണെന്നും ടിയാന് സാമ്പത്തിക ശേഷിയുള്ള മറ്റ് മക്കൾ ഇല്ലെന്നും കുടുംബ പെൻഷനുകളൊന്നും കൈപ്പറ്റുന്നില്ലെന്നും വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 90(6) പ്രകാരം മരണപ്പെട്ട രഞ്ജിത്ത് ആർ.കൃഷ്ണന്റെ പിതാവ്

ശ്രീ. വി.കെ.രാധാകൃഷ്ണന് യോഗ്യതാ സർട്ടിഫിക്കറ്റിന്റെ തീയതിയായ 18.01.2018 മുതൽ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത പെൻഷൻ നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രാജശ്രീ .കെ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി, കോട്ടയം.
5. വിദ്യാഭ്യാസ ഉപ ഡയറക്ടർ, ഇടുക്കി
6. ശ്രീ.രാധാകൃഷ്ണൻ.വി.കെ,വലിയ കളത്തിൽ ഹൗസ്, മൂലവട്ടം (പി.ഒ), നാട്ടകം വില്ലേജ്, കോട്ടയം-686012
7. The Nodal Officer-www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (E-566136)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ